യി അനുമതി വാങ്ങുന്നു. കോടതിയെ തെറ്റിദ്ധരിപ്പിച്ചും നിയമം ദുർവ്യാഖ്യാനം ചെയ്തും അനുമതി വാങ്ങുകയാണ് പതിവ്. ഒരുപാട് ഉദ്യോഗസ്ഥർ കോടതിയെ മറയാക്കി ഇതെല്ലാം ദുരുപയോഗം ചെയ്തിട്ടുണ്ട്. പല പരിസ്ഥിതി പ്രവർത്തകർക്കും പൊതുപ്രവർത്തകർക്കും നിയമമറിയില്ല എന്നു മാത്രമല്ല സാങ്കേതികമായി നിയമത്തെ സമീപിക്കാനും അറിയില്ല. നിലം നികത്താൻ പോകുന്നവർക്ക് ഇതെല്ലാം അറിയാം. അവർക്കതിനുള്ള നിയമോപദേശം കൃത്യമായി ലഭിക്കുന്നുണ്ട്. ഇത്തരം കാര്യങ്ങളിൽ വളരെ ചിട്ടയോടെ പ്രവർത്തിക്കുന്ന എത്ര പൊതുപ്രവർത്തകർ കേരളത്തിലുണ്ട്? പശ്ചിമഘട്ടത്തിന്റെ കരടുവിജ്ഞാപനം വന്നശേഷം അന്തിമവിജ്ഞാപനത്തിനുള്ളിൽ പരാതി കൊടുക്കണമെന്ന് അറിയാവുന്ന നൂറ് പേരെങ്കിലുമുണ്ടോ കേരളത്തിൽ എന്ന് എനിക്ക് സംശയമാണ്. ആത്മാർത്ഥതയാണ് പരിസ്ഥിതി പ്രവർത്തകരുടെ മൂലധനം. അവർക്ക് സാങ്കേതികപരമായോ പ്രൊഫഷണലായോ നിയമത്തെ സമീപിക്കാനോ, പുറകേ നടന്ന് റിസൾട്ട് ഉണ്ടാക്കാനോ കഴിയാറില്ല. വളരെക്കുറച്ച് ആളുകൾ മാത്രമെ അങ്ങിനെ ചെയ്യുന്നുള്ളു. ഈ ഭേദഗതിക്കെതിരെ കോടതിയിൽ പോകാം. ഭരണഘടനാ വിരുദ്ധമാണെന്നു പറയാം. അനുകൂല നടപടിയുണ്ടാകാൻ സാധ്യതയുണ്ട്. ഓരോ പ്രദേശത്തും ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിൽ വളരെ കൃത്യമായ ഇടപെടൽ നടത്തി, ഒരു ജനകീയമായ ഓഡിറ്റ് കേരളത്തിലുടനീളം ഈ ആക്ട് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകേണ്ടതാണ്. അത്തരത്തിലുള്ള ഇടപെടലുകൾ മാത്രമേ നിയമത്തെ ശക്തിപ്പെടുത്തൂ. ■

കേരള ജൈവകർഷക സമിതിയുടെ മുൻ സെക്രട്ടറിയും നെൽവയൽ–തണ്ണീർത്തട നിയമം സംരക്ഷിക്കാനായി നടത്തിയ വയൽരക്ഷാ ക്യാമ്പയിനിന്റെ സംഘാടകനും നെൽകർഷകനുമായ

**കെ.പി. ഇല്യാസ്**

# വയലുകൾ സ്വകാര്യഭൂമിയാണെങ്കിലും പൊതുസ്വത്തായി സംരക്ഷിക്കണം

**നെൽവയൽ**-തണ്ണീർത്തട നിയമം വന്നതുകൊണ്ട് നെൽവയലുകൾ നികത്തുന്നതിനെതിരായി പല ഇടപെടലുകളും നടത്താൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇതുകൊണ്ട് നെൽകൃഷി വർദ്ധിച്ചിട്ടുണ്ടോ എന്ന് ചോദിച്ചാൽ ഇല്ല എന്ന് പറയേണ്ടി വരും. നെൽകൃഷിയുടെ സ്ഥിതി കേരളത്തിൽ വളരെ പരിതാപകരമാണ്. 2008ൽ നിയമം വന്ന ശേഷം അതിനടുത്ത വർഷങ്ങളിൽ 2.29 ലക്ഷം ഹെക്ടറിൽ നിന്നും 2.34 ലക്ഷം ഹെക്ടറായി നെൽകൃഷി വർദ്ധിച്ചിരുന്നു. ചരിത്രത്തിൽ ആദ്യമായാണിത് ഇത്തരത്തിൽ വർദ്ധനവുണ്ടാകുന്നത്. എന്നാൽ തുടർന്നുള്ള പത്ത് വർഷത്തെ കണക്ക് പരിശോധിക്കുകയാണെങ്കിൽ നെൽകൃഷി വീണ്ടും കുറഞ്ഞതായാണ് കാണാൻ കഴിയുന്നത്. 61000 ഹെകടർ മാത്രമായി ഇപ്പോൾ അത് ചുരുങ്ങി എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതായത് നിയമം വന്നശേഷം നെൽകൃഷിയിൽ വർദ്ധനവുണ്ടായില്ല എന്ന് മാത്രമല്ല ഗണ്യമായി കൃഷി കുറയുകയും ചെയ്തു. വയലുകൾ തരിശ്ശിട്ട് എങ്ങനെയും നികത്തിയെടുക്കാനാണ് പണ്ട് കൃഷി ചെയ്തിരുന്ന പലരും ഇപ്പോൾ ശ്രമിക്കുന്നത്. ഭേദഗതി വന്നയുടൻ തന്നെ ഞാൻ താമസിക്കുന്ന വെള്ളങ്കല്ലൂർ പഞ്ചായത്തിൽ 566 അപേക്ഷകളാണ് 2008ന് മുമ്പ് നികത്തിയതാണെന്നും ക്രമപ്പെടുത്തിത്തരണമെന്നും കാണിച്ചുകൊണ്ടുവന്നത്. അതിൽ പലതും വയലായിത്തന്നെ നിൽക്കുന്ന ഭൂമിയാണ്. വാഴകൃഷിയാകും ചെയ്യുന്നതെന്ന് മാത്രം. ഡാറ്റാ ബാങ്ക് സമയോചിതമായി പൂർത്തിയാക്കി പ്രസിദ്ധീകരിക്കാത്തതുകൊണ്ടാണ് ഇത് സംഭവിച്ചത്. ഡാറ്റാ ബാങ്ക് പൂർത്തിയാക്കലിന്റെ വൈകൽ വയൽ പതിയെ പുരയിടമാക്കി മാറ്റാം എന്ന തോന്നലിനെ ബലപ്പെടുത്തുകയാണ് ചെയ്തത്.

നെൽകൃഷി നടത്തുക എന്നതുമാത്രമാണ് വയലുകൾ സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗം. തരിശ്ശിടുകയാണെങ്കിൽ നികത്താനുള്ള പ്രവണത കൂടിക്കൊണ്ടേയിരിക്കും. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടികളും നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ ഭാഗമാക്കേണ്ടതായിരുന്നു. ദൗർഭാഗ്യവശാൽ അതുണ്ടായില്ല. തരിശ്ശുകിടക്കുന്ന പാടങ്ങളിൽ കൃഷിചെയ്യുന്നതിനുള്ള ചില വ്യവസ്ഥകൾ നിയമത്തിൽ പറയുന്നുണ്ടെന്ന് മാത്രം. തരിശ്ശു രഹിത കേരളം പദ്ധതിയുടെ ഭാഗമായി ചില സ്ഥലങ്ങളിൽ നെൽകൃഷി തിരികെക്കൊണ്ടുവരാനുള്ള ശ്രമങ്ങളുണ്ടായി. തരിശ്ശു ഭൂമി ഈ വിധത്തിൽ കൃഷി ചെയ്യുന്നതിന് കർഷക സംഘത്തിന് ഒരു വർഷം 25,000 രൂപയും ഭൂമിയുടെ ഉടമസ്ഥന് 5000 രൂപയും സർക്കാർ നൽകുന്നുണ്ട്. മൂന്ന് വർഷം ഈ തുക

ലഭിക്കും. മൂന്ന് വർഷം കൃഷി ചെയ്തിരിക്കണം എന്ന് നിർബന്ധമാണ്. പല കാരണങ്ങളാലും ഈ പദ്ധതി മുന്നോട്ടുപോകുന്നില്ല. പാടങ്ങളുടെ ഉടമസ്ഥർ പലരും ആ പ്രദേശത്തുള്ളവരല്ല എന്നതാണ് ഒരു പ്രധാന കാരണം. ഉടമസ്ഥരുടെ സമ്മതപത്രവും കരമടച്ച രസീതും ആനുകൂല്യങ്ങൾ കിട്ടണമെങ്കിൽ ആവശ്യമാണ്. പക്ഷെ സ്ഥലത്തില്ലാത്ത ഉടമസ്ഥർ പലരും നികുതി അടയ്ക്കുന്നുണ്ടാകില്ല. നികുതി അടച്ചില്ലെങ്കിൽ അത് കുടിക്കടമായി മാറും. നികുതിചീട്ടില്ലാതെ പഞ്ചായത്ത് അനുമതി നൽകുകയുമില്ല. ഭൂമി നഷ്ടപ്പെടുമോ എന്ന് പേടിയുള്ളതിനാലും പല ഭൂവുടമകളും ഇതിന് തയ്യാറാകുന്നുമില്ല. പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ചില ഉറപ്പുകൾ നൽകുകയാണെങ്കിൽ പലരും തയ്യാറാകും. പഞ്ചായത്ത് അത്തരത്തിലുള്ള ഉറപ്പ് കൊടുക്കുന്ന സ്ഥലങ്ങളിലാണ് കൃഷി മുന്നോട്ടുപോയിട്ടുള്ളത്. തരിശ്ശു കിടക്കുന്ന സ്ഥലത്ത് നെൽകൃഷി ചെയ്യാൻ ഒരാൾ തീരുമാനിച്ചാൽത്തന്നെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത അയാൾക്ക് ഒരു തടസ്സമായി മാറുന്നു. ജലസേചന സൗകര്യങ്ങൾ നഷ്ടമായിപ്പോയതാണ് പ്രധാന പ്രശ്നം. വർഷങ്ങളായി തരിശ്ശായിക്കിടന്ന് തോടുകളെല്ലാം അടഞ്ഞുപോയിട്ടുണ്ടാകും. അതെല്ലാം വൃത്തിയാക്കേണ്ടി വരും. പാടശേഖര സമിതിക്ക് അതിനുള്ള സാമ്പത്തിക ശേഷിയുണ്ടാകില്ല. ബ്ലോക്കിൽ നിന്നും അതിന് സാമ്പത്തിക സഹായം ലഭിക്കും. പക്ഷെ അഡ്വാൻസായി ലഭിക്കില്ല. കയ്യിൽ നിന്നും പണമെടുത്ത് ചെയ്ത ശേഷം അത് സർക്കാർ റീ ഫണ്ട് ചെയ്യും. കൃഷിയുമായി ബന്ധപ്പെട്ട ഒരു കാര്യത്തിനും സർക്കാർ അഡ്വാൻസ് ചെയ്യാറില്ല. ഇതാണ് ഒരു കൃഷി തിരികെക്കൊണ്ടുവരുന്നതിന് കർഷകരെ സംബന്ധിച്ച് ഒരു പ്രധാന തടസ്സം. വെള്ളാങ്കല്ലൂർ പഞ്ചായത്തിൽ തന്നെ 150 ഏക്കർ പൊക്കാളിപ്പാടം വർഷങ്ങളായി വെള്ളം കയറിക്കിടക്കുകയാണ്. കൃഷി ചെയ്യുന്നതിന് ആ പ്രദേശത്തുള്ളവർക്ക് താത്പര്യമുണ്ട്. പക്ഷെ കയ്യിൽ നിന്നും പണം മുടക്കി വെള്ളക്കെട്ട് ഒഴിവാക്കി കൃഷി തുടങ്ങാനുള്ള സാഹചര്യമില്ല. തരിശ്ശായി കിടക്കുന്ന പല സ്ഥലത്തും ട്രാക്ടർ ഇറക്കാനുള്ള വഴിയുണ്ടാകില്ല. അതിനുള്ള വഴിയുണ്ടാക്കേണ്ടിവരും. ഇത്തരം അടിസ്ഥാന സൗകര്യങ്ങൾ നിർവഹിക്കുന്നതിന് സർക്കാർ അഡ്വാൻസ് ആയി സാമ്പത്തിക സഹായം ചെയ്താൽ മാത്രമേ നെൽകൃഷി തിരികെക്കൊണ്ടുവരാൻ കഴിയൂ. റോഡും പാലവുമെല്ലാം നിർമ്മിക്കുന്നതിന് കോൺട്രാക്ടർമാർക്ക് അഡ്വാൻസായി ധനസഹായം നൽകും, എന്നാൽ കൃഷിക്ക് നൽകില്ല എന്നതാണ് സമീപനം. ആ സമീപനത്തിൽ ഒരു പ്രശ്നമുണ്ട്. അത് തുറന്നുകാണിക്കുകയും ചോദ്യം ചെയ്യപ്പെടുകയും വേണം. വയലുകൾ സ്വകാര്യഭൂമിയാണെങ്കിലും ഒരു പൊതുസ്വത്താണെന്ന് കണ്ടാൽ മാത്രമേ ഇതെല്ലാം സാധ്യമാകൂ.

നെൽകൃഷി ചെയ്യുന്നതിന് വേറെയും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ട്. ഒരേക്കറിന് 30,000 രൂപ ചിലവ് വരുകയാണെങ്കിൽ 15,000 രൂപയെങ്കിലും കർഷകർക്ക് സബ്സിഡിയായി കിട്ടുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും ഉയർന്ന സംഭരണവില കേരളത്തിലാണ് 26.50 രൂപ. എന്നിട്ടും ഉയർന്ന തൊഴിൽക്കൂലിയും യന്ത്രവാടകയും കൃഷിയെ നഷ്ടത്തിലാക്കുകയാണ്. ഒരു കിലോ നെല്ല് ഉത്പാദിപ്പിക്കണമെങ്കിൽ 20 രൂപയെങ്കിലും ഇവിടെ ചിലവ് വരും. ആറ് രൂപയാണ് അപ്പോൾ കർഷകനുണ്ടാകുന്ന ലാഭം. അതിലും ഒരുറപ്പും ഇല്ല. വിളവ് മോശമായാൽ അതും പോകും. നെൽകൃഷി പരമ്പരാഗതമായി നിലനിൽക്കുന്ന പാലക്കാട്, വയനാട് പോലെയുള്ള മേഖലകളിലും ഏറ്റവും കൂടുതൽ വിളവ് കിട്ടുന്ന തൃശൂരിലെ കോൾപ്പാടങ്ങളിലും കുട്ടനാട്ടിലും മാത്രമാണ് നെൽകൃഷി ലാഭകരമായി നടക്കുന്നത്. അവിടെയും സ്ഥലത്തിന്റെ അളവ് കൂടുതലുള്ളവർക്ക് മാത്രമാണ് ലാഭവും കൂടുതൽ കിട്ടുന്നത്. രണ്ട് ഏക്കറിൽ കൂടുതൽ വയലില്ലെങ്കിൽ കൃഷി ലാഭകരമാക്കുക ബുദ്ധിമുട്ടാണ്. കുറഞ്ഞത് മൂന്ന് ഏക്കറിൽ രണ്ട് വിള കൃഷി ചെയ്താൽ മാത്രമേ കർഷകരുടെ അതിജീവനം സാദ്ധ്യമാകൂ എന്നതാണ് സ്ഥിതി. നെൽവയൽ-തണ്ണീർത്തട നിയമം ഈ പ്രശ്നങ്ങളെയൊന്നും അഭിമുഖീകരിച്ചതേയില്ല. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഘടകങ്ങൾ നിയമത്തിൽ ഇല്ലാതെ പോയതുകൊണ്ടാണ് നിയമം വേഗത്തിൽ ദുർബലപ്പെടുത്താൻ സർക്കാരിന് കഴിയുന്നതും. നെൽകൃഷിയുണ്ടെങ്കിലേ നെൽവയലുകൾ നിലനിൽക്കൂ എന്ന അടിസ്ഥാന വസ്തുത മനസ്സിലാക്കി നിയമം തിരുത്തിയെഴുതുകയാണ് വേണ്ടത്.

നിയമം അട്ടിമറിക്കാൻ ശ്രമം നടന്നപ്പോഴെല്ലാം ജൈവകർഷക സമിതിയുടെ നേതൃത്വത്തിൽ ഞങ്ങൾ പല പ്രക്ഷോഭങ്ങളും നടത്തിയിരുന്നു. യു.ഡി.എഫ് ഭരിക്കുന്ന കാലത്ത് നിയമം ഭേദഗതി ചെയ്യാൻ നീക്കമുണ്ടായപ്പോൾ വയൽരക്ഷാ കാമ്പയിൻ എന്ന പേരിൽ വലിയ സമരപരിപാടി തിരുവനന്തപുരത്ത് നടത്തുകയുണ്ടായി. മുഖ്യധാരാ രാഷ്ട്രീയപാർട്ടികളുടെ കർഷക സംഘടനകൾ ഒഴികെ എല്ലാവരും അതുമായി സഹകരിച്ചിരുന്നു.

തരിശ്ശു നിലം ഏറ്റെടുത്ത് കൃഷി ചെയ്യുന്നതരത്തിലേക്ക് ആ പരിപാടി വികസിപ്പിക്കുകയുണ്ടായി. പട്ടാമ്പിയും എടപ്പാളിലുമെല്ലാം തരിശ്ശുനിലങ്ങൾ വലിയ ആഘോഷമായി ഏറ്റെടുത്ത് കൃഷി തുടങ്ങി. എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഡാറ്റാ ബാങ്ക് നടപടികൾ എത്രയും വേഗം പൂർത്തീകരിക്കുമെന്നും നെൽവയൽ നിയമം ശക്തിപ്പെടുത്തുമെന്നും ഞങ്ങൾ പ്രതീക്ഷിച്ചു. പക്ഷെ കൃഷി സംരക്ഷിക്കുമെന്ന് പറയുന്ന മന്ത്രി വി.എസ്. സുനിൽകുമാറിനും അദ്ദേഹത്തിന്റെ പാർട്ടിക്കും ഇക്കാര്യത്തിൽ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല.

വയൽ സംരക്ഷണത്തിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുക എന്നതുമാത്രമാണ് ഇപ്പോഴത്തെ പ്രതിസന്ധിക്ക് ഒരു പരിഹാരം. വയൽ രക്ഷ കേരള രക്ഷ എന്ന് പറഞ്ഞുകൊണ്ട് സംസ്ഥാന-ജില്ലാ അടിസ്ഥാനത്തിൽ വിവിധ ക്യാമ്പയിനുകൾ ഞങ്ങൾ ആലോചിക്കുന്നുണ്ട്. ജലസുരക്ഷ എന്നതായിരുന്നു നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ ഒരു ലക്ഷ്യം. വയലുകൾ ജലം സംഭരിച്ച് നിർത്തി വരൾച്ചയെ തടയുന്നതിനാൽ വയൽ നികത്താൻ പാടില്ലെന്നും വയലു നികത്തിയാൽ കിണറു വറ്റുമെന്നുള്ള പാരിസ്ഥിതിക ബോധ്യത്തിൽ നിന്നാണ് ജലസുരക്ഷ എന്ന സങ്കൽപ്പം വരുന്നത്. എന്നാൽ ഈ വർഷം കാലവർഷം ശക്തമാവുകയും വെള്ളപ്പൊക്കമുണ്ടാവുകയും ചെയ്യുമ്പോഴാണ് വരൾച്ചയെ മാത്രമല്ല വെള്ളപ്പൊക്കത്തെയും നിയന്ത്രിക്കുന്ന ഒരു ജലമാനേജ്മെന്റ് വയലുകൾ ചെയ്യുന്നുണ്ടെന്ന് നമ്മൾ തിരിച്ചറിയുന്നത്. വയൽ നിക്കത്തിയ സ്ഥലങ്ങളില്ലെല്ലാം ഈ മഴക്കാലത്ത് രൂക്ഷമായ വെള്ളക്കെട്ടുണ്ടായി. വയലുകളിൽ കൃഷിയുണ്ടായിരുന്ന കാലത്ത് വെള്ളം ഒഴുകിപ്പോകുന്നതിനുള്ള ചാലുകളും തോടുകളും അടങ്ങുന്ന ഒരു സംവിധാനം അവിടെയുണ്ടായിരുന്നു. ഇന്ന് അതെല്ലാം നഷ്ടപ്പെട്ടതോടെ വെള്ളം താഴ്ന്നപ്രദേശങ്ങളിൽ കെട്ടിക്കിടന്നു. കുട്ടനാടെല്ലാം മുങ്ങിപ്പോയത് അങ്ങനെയാണ്. വെള്ളത്തിന് ഒഴുകിപ്പരക്കാൻ ഇടമില്ലാതായതോടെ വെള്ളം കുട്ടനാട്ടിലെ താഴ്ന്നപ്രദേശങ്ങളിലേക്ക് ഒഴുകിയെത്തി. അതുകൊണ്ടാണ് ഒരു പ്രദേശത്ത് വയൽ നികത്തുന്നത് മറ്റൊരു പ്രദേശത്തെ ബാധിക്കുന്ന പ്രശ്നമാണെന്ന് പറയുന്നത്. കേരളത്തിന്റെ ഭൂമിശാസ്ത്രം ഇത്തരത്തിൽ പരസ്പര ബന്ധിതമായ ഒന്നാണ്. ഒരിടത്ത് നികത്തിയാൽ മറ്റൊരിടത്ത് വെള്ളം കയറും. കൃഷി നടന്നാൽ മാത്രമേ ജലസംരക്ഷണവും ജലമാനേജ്മെന്റും നടക്കൂ. ഇപ്പോൾ ഇക്കാര്യങ്ങൾ പറഞ്ഞാൽ ആർക്കും തള്ളിക്കളയാൻ കഴിയില്ല.

ഭക്ഷ്യ സ്വാശ്രിതത്വത്തെക്കുറിച്ച് ഒരു കാഴ്ചപ്പാടുമില്ലാത്ത സംസ്ഥാനമാണ് കേരളം. സംസ്ഥാനത്ത് ഇപ്പോൾ വയലായി നിലനിൽക്കുന്ന ഭൂമിയുടെ അളവ് വച്ചു നോക്കിയാൽ അതിൽ എത്ര കൃഷി വ്യാപിപ്പിച്ചാലും നമുക്ക് ഭക്ഷ്യസ്വയംപര്യാപ്ത കൈവരിക്കാൻ കഴിയില്ല. അതായത് കേരളത്തിന് വേണ്ട അരിയുണ്ടാക്കാൻ ഈ വയലുകൾ പര്യാപ്തമല്ല എന്നർത്ഥം. 40 ലക്ഷം ടൺ അരിയാണ് സംസ്ഥാന സർക്കാർ ഒരു വർഷം സംഭരിക്കുന്നത്. ഇതിൽ അഞ്ച് ലക്ഷം ടൺ ക്ഷാമകാലത്തേക്കുള്ള നീക്കിയിരുപ്പാണ്. കേരളത്തിന് ശരിക്കും വേണ്ടത് പ്രതിവർഷം 30-35 ടൺ അരിയാണ്. പക്ഷെ നിലവിൽ നമ്മുടെ വാർഷിക ഉത്പാദനം ആറ് ലക്ഷം ടൺ മാത്രമാണ്. നിലവിൽ തരിശ്ശു കിടക്കുന്ന പാടങ്ങളിൽക്കൂടി കൃഷി വ്യാപിപ്പിച്ചാലും ഒരു ലക്ഷം ടൺ മാത്രമേ ഉത്പാദനം കൂട്ടാൻ കഴിയൂ. രണ്ട് സീസണിൽ കൃഷി ചെയ്താൽ പോലും (നിലവിൽ അത് പലയിടത്തും സാധ്യമാകുന്നില്ല) പരമാവധി 15 ലക്ഷം ടൺ അരി മാത്രമാണ് നമുക്ക് ഉത്പാദിപ്പിക്കാൻ കഴിയുന്നതെന്ന് ഞങ്ങൾ കണക്കാക്കിയിട്ടുണ്ട്. അത്രയ്ക്ക് ഗുരുതരമാണ് നമ്മുടെ ഭക്ഷ്യസ്വാശ്രിതത്വത്തിന്റെ സ്ഥിതി. ഭക്ഷ്യസ്വയംപര്യാപ്തത കൈവരിക്കാൻ എന്ത് പദ്ധതിയാണ് സർക്കാരിനുള്ളത്? ഒന്നുമില്ല എന്നതാണ് വാസ്തവം. വികസന പ്രക്രിയയിൽ എന്തുകൊണ്ട് ഭക്ഷ്യസ്വയംപര്യാപ്തത പ്രധാനമല്ലാത്തതായി മാറുന്നു എന്നത് കേരളം വളരെ ഗൗരവത്തോടെ ആലോചിക്കേണ്ട ഒരു സംഗതിയാണ്. ■

**കേരളീയം**
**വികസനം പ്രത്യേകലക്കം**




**132 പേജ്, 50 രൂപ,**
**50ൽ അധികം എഴുത്തുകാർ**

'വികസനം എന്ന ആശയം,
അനുഭവം, അനിവാര്യത'

**കോപ്പികൾക്ക്: 8943221148**